REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 22-05-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

1. ഹെലിക്കോപ്റ്റർ അപകടത്തിൽ മരിച്ച ഇറാൻ പ്രസിഡന്റ് സൈദ് ഇബ്രാഹിം റൈസിയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇറാനിലെത്തി.
2. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അവസാന രണ്ട് ഘട്ടങ്ങളിലെ പ്രചാരണം ഊർജ്ജിതമായി തുടരുന്നു.
3. മെഡിക്കൽ കോളേജുകളിലെ ചികിത്സാ പിഴവ് ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ഇന്ന് ഉന്നത തല യോഗം ചേരും.
4. സംസ്ഥാനത്ത് ഇന്നും കനത്ത മഴ തുടരും.
5. IPL ക്രിക്കറ്റ് എലിമിനേറ്ററിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസിനെ നേരിടും.

## വാർത്തകൾ വിശദമായി

ഹെലിക്കോപ്റ്റർ അപകടത്തിൽ മരിച്ച ഇറാൻ പ്രസിഡന്റ് സൈദ് ഇബ്രാഹിം റൈസിയുടെയും വിദേശകാര്യമന്ത്രി ഹുസൈൻ അമീർ അബ്ദുല്ലാഹിയാന്റെയും സംസ്കാര ചടങ്ങുകളിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി ജഗദീപ്ദൻഖർ ഇറാനിലെത്തി. പുണ്യ നഗരമായ മാഷ്ഹദിൽ നാളെയാണ് ഖബറടക്കം. ഞായറാഴ്ചയായിരുന്നു ഹെലികോപ്റ്റർ അപകടം.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അവസാന രണ്ട് ഘട്ടങ്ങളിലെ പ്രചാരണം ഊർജ്ജിതമായി തുടരുന്നു. ആറാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിയ്ക്കും. ഏഴാം ഘട്ടത്തിന്റെ പ്രചാരണം ഈ മാസം 30 വരെ നീളും.

ആറാം ഘട്ടത്തിൽ ആറ് സംസ്ഥാനങ്ങളിലെയും, ഡൽഹിയിലെയും, ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളിൽ ശനിയാഴ്ചയാണ് വോട്ടെടുപ്പ്. ഏഴാം ഘട്ടത്തിൽ ജൂൺ ഒന്നിന് 57 ഉം, മണ്ഡലങ്ങളിലെ 115 സീറ്റുകളിലാണ് വോട്ടെടുപ്പ് ശേഷിക്കുന്നത്. 543 അംഗ ലോക്സഭയിൽ 428 മണ്ഡലങ്ങളിൽ ഇതിനകം വോട്ടെടുപ്പ് പൂർത്തിയായിക്കഴിഞ്ഞു.

ദേശീയ തലസ്ഥാനമായ ഡൽഹിയിൽ പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി ദ്വാരകയിലും, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഭാൽസ്വാ ഡയറിയിലും ഇന്ന് തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും. പ്രധാനമന്ത്രി ഉത്തർപ്രദേശിലെ ബസ്തിയിലും, ശ്രാവസ്തിയിലും തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. ബഹുജൻ സമാജ് പാർട്ടി നേതാവ് മായാവതി സുൽത്താൻപൂരിലും, സമാജ്-വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് അസംഗഢിലും പ്രചാരണത്തിൽ സംബന്ധിക്കും.

✪✪✪

രാജ്യത്തെ സ്റ്റാർട്ടപ്പ് സ്ഥാപകരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. സംരംഭകർക്ക് തഴച്ചു വളരാൻ അനുയോജ്യമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിന് കേന്ദ്ര ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് സംരംഭകരുടെ വീഡിയോകൾ സാമൂഹിക മാധ്യമങ്ങളിലൂടെ പങ്കുവെച്ച പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ വൻ വിജയം നേടുമെന്ന ബിജെപിയുടെ അവകാശവാദം വിചിത്രമാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗം ഡോ. ശശി തരൂർ പറഞ്ഞു . കഴിഞ്ഞ തിരഞ്ഞെടുപ്പിലെ ഫലം ആവർത്തിക്കുക എന്നത് BJP ക്ക് അസാധ്യമാണെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

രാജ്യത്തിന്റെ നാവിക താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് എല്ലായ്പ്പോഴും സജ്ജരായിരിക്കുന്നതാണ് ഇന്ത്യൻ നാവിക സേനയുടെ ശക്തിയെന്ന് നാവിക സേനാ മേധാവി അഡ്മിറൽ ദിനേശ് K.ത്രിപാഠി പറഞ്ഞു. ന്യൂഡൽഹിയിലെ നാവിക ആസ്ഥാനത്ത് ഉന്നത ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഉയർന്നുവരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് പുത്തൻ സാങ്കേതിക വിദ്യകൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സേനാമേധാവി എടുത്തു പറഞ്ഞു.

✪✪✪

ലോകസാമ്പത്തിക ഫോറത്തിൻെറ വിനോദസഞ്ചാര വികസന സൂചികയിൽ ഇന്ത്യ മുപ്പത്തൊമ്പതാം സ്ഥാനത്തേക്ക് ഉയർന്നു. ദക്ഷിണേഷ്യയിലെ ഏറ്റവും ഉയർന്ന സ്ഥാനം ഇന്ത്യയുടേതാണ്. 2021ൽ പ്രസിദ്ധീകരിച്ച സൂചികയിൽ ഇന്ത്യയുടെ സ്ഥാനം അൻപത്തി നാലായിരുന്നു. റാങ്കിങ്ങിലെ ഈ കുതിപ്പ് രാജ്യത്തിന്റെ വിനോദസഞ്ചാര മേഖലയുടെ വളരുന്ന മത്സരക്ഷമതയാണ് കാണിക്കുന്നത്.

✪✪✪

രാമേശ്വരം കഫേ സ്ഫോടനക്കേസിന് പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ NIA നാല് സംസ്ഥാനങ്ങളിലെ 11 സ്ഥലങ്ങളിൽ പരിശോധന നടത്തി. കർണാടക, തമിഴ്നാട്, തെലങ്കാന, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലായിരുന്നു പരിശോധന.

തിരച്ചിലിൽ വിവിധ ഡിജിറ്റൽ ഉപകരണങ്ങളും രേഖകളും പിടിച്ചെടുത്തതായി NIA അറിയിച്ചു. കേസിൽ ഇതുവരെ രണ്ട് പ്രതികളെ NIA അറസ്റ്റ് ചെയ്തിട്ടുണ്ട്.

✪✪✪

പൂനെയിലെ ഇൻഡാപൂരിൽ ഉജാനി അണക്കെട്ടിന്റെ ഭാഗമായ കായലിൽ യാത്രക്കാരുമായി പോവുകയായിരുന്ന ബോട്ട് മുങ്ങി ഏഴ് പേരെ കാണാതായി. ദേശീയ ദുരന്ത നിവാരണ സേന കാണാതായവർക്കായി തെരച്ചിൽ തുടങ്ങി. ശക്തമായ കാറ്റിനെ തുടർന്നാണ് ബോട്ട് മറിഞ്ഞത്.ഒരാൾ നീന്തി രക്ഷപ്പെട്ടു.

✪✪✪

മെഡിക്കൽ കോളേജുകളിലെ ചികിത്സാ പിഴവ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഉന്നത തല യോഗം ചേരും.

ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളെജിൽ കൈവിരൽ ശസ്ത്രക്രിയക്ക് പ്രവേശിപ്പിച്ച കുട്ടിക്ക്, നാവിൽ ശസ്ത്രക്രിയ നടത്തിയ സംഭവത്തിൽ അന്വേഷണ സമിതി മെഡിക്കൽ വിദ്യാഭ്യസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചു. ആരോഗ്യ പ്രവർത്തകരിൽ നിന്നും, ആശുപത്രി രേഖകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

✪✪✪

സംസ്ഥാനത്ത് ഇന്നും കനത്ത മഴ തുടരും. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഇന്നും, ഇടുക്കി, പാലക്കാട് ജില്ലകളിൽ നാളെയും ചുവപ്പ് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ഇന്ന് ന്യൂനമർദ്ദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. വിഴിഞ്ഞം മുതൽ കാസർഗോഡ് വരെ ശക്തമായ തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികളും, തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

കേരളതീരത്തും, ലക്ഷദ്വീപ്, കർണാടക തീരങ്ങളിലും മീൻപിടുത്തത്തിനും വിലക്കേർപ്പെടുത്തി.

✪✪✪

തമിഴ്നാട്ടിൽ ആളിയാർ വൃഷ്ടിപ്രദേശത്ത് ശക്തമായ മഴ പെയ്യുന്നതിനാൽ മൂലത്തറ റെഗുലേറ്ററിന്റെ ഷട്ടറുകൾ ക്രമാതീതമായി തുറക്കേണ്ടിവരുമെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചു. ഇതുമൂലം ചിറ്റൂർ പുഴയിൽ വെള്ളത്തിന്റെ അളവ് കൂടാൻ സാധ്യതയുണ്ടെന്നും പുഴയുടെ തീരങ്ങളിൽ താമസിക്കുന്നവരും കോസ് വേ യിലൂടെ സഞ്ചരിക്കുന്നവരും ജാഗ്രത പാലിക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ഭാരതപ്പുഴയിൽ ജലനിരപ്പുയർന്നതിനെ തുടർന്ന് വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ പത്തു ഷട്ടറുകൾ നേരത്തെ തുറന്നിരുന്നു.

✪✪✪

ഇന്നലെ രാത്രി ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും കണ്ണൂർ നഗരത്തിലും പരിസരങ്ങളിലും നാശനഷ്ടം ഉണ്ടായി. കണ്ണൂർ ബർണശ്ശേരിയിൽ മരം കടപുഴകി വീണ് റോഡരികിൽ നിർത്തിയിട്ട കാർ തകർന്നു. ദേശീയപാതയിൽ വളപട്ടണത്ത് റോഡിലേക്ക് മരം വീണ് ഗതാഗതം തടസ്സപ്പെട്ടു.

✪✪✪

കഴിഞ്ഞ ദിവസത്തെ ശക്തമായ മഴയിലും കാറ്റിലും തിരുവനന്തപുരം ജില്ലയിലെ 9 KSEB സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ കനത്ത നാശനഷ്ടമുണ്ടായതായി മന്ത്രി കെ കൃഷ്ണൻ കുട്ടി അറിയിച്ചു. 109 വൈദ്യുതി തൂണുകൾ തകർന്നതായും 120 എണ്ണം കടപുഴകി വീണതായും 325 ഇടങ്ങളിൽ കമ്പികൾ തകർന്നതായും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. തൂണുകൾ പുനഃസ്ഥാപിച്ചും അറ്റക്കുറ്റപണികൾ നിർവ്വഹിച്ചും വൈദ്യുതി ജീവനക്കാർ വിശ്രമ രഹിതമായി ജോലി ചെയ്യുകയാണെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

കോഴിക്കോട് നാദാപുരം വിഷ്ണുമംഗലം പുഴയിലെ ജലനിരപ്പ് ഉയർന്നതോടെ ബണ്ടിന്റെ ഷട്ടർ തുറന്നു. പ്രദേശവാസികൾ ജാഗ്രത പാലിക്കണമെന്ന് വാട്ടർ അതോറിറ്റി അധികൃതർ അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റ് എലിമിനേറ്ററിൽ ഇന്ന് അഹമ്മദാബാദിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസിനെ നേരിടും. ഇന്ന് വിജയിക്കുന്നവർ മറ്റന്നാൾ രണ്ടാം ക്വാളിഫയറിൽ ഹൈദരാബാദുമായി മത്സരിയ്ക്കും.

ഇന്നലെ സൺറൈസേഴ്സ് ഹൈദരാബാദിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് കൊൽക്കത്ത ആദ്യ ഫൈനലിസ്റ്റുകളായി.

ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

നിലമ്പൂർ ചുങ്കത്തറയിൽ മഞ്ഞപ്പിത്തം ബധിച്ച് യുവാവ് മരിച്ചു. പള്ളിക്കുത്ത് കാവാലംകോട് ആനക്കഞ്ചേരി തേജിൻ സാൻ ആണ് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ മരിച്ചത്. തലച്ചോറിൽ മഞ്ഞപ്പിത്തം ബാധിച്ചതാണ് മരണകാരണമായി പറയുന്നത്.

✪✪✪

പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിനെ തുടർന്ന് മത്സ്യ കർഷകർ ഏലൂർ മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസ് ഉപരോധിച്ചു. പ്രതിഷേധ സൂചകമായി കർഷകർ ഓഫീസിലേക്ക് ചത്ത മീൻ വലിച്ചെറിഞ്ഞു. നഷ്ടപരിഹാരവും , പ്രശ്നത്തിന് ശാശ്വത പരിഹാരവും ആവശ്യപ്പെട്ടാണ് മത്സ്യ കർഷകർ ഓഫീസ് ഉപരോധിച്ചത്. സമരം തടയാൻ ശ്രമിച്ച പോലീസുകാരും പ്രതിഷേധക്കാരും തമ്മിൽ വാക്കേറ്റവും ചെറിയതോതിൽ ബലപ്രയോഗവും നടന്നു. ലക്ഷക്കണക്കിന് രൂപയുടെ മത്സ്യങ്ങളാണ് ഏലൂരിലേയും പരിസരപ്രദേശങ്ങളിലും പഞ്ചായത്തുകളിൽ പെരിയാറിൽ ചത്തുപൊങ്ങിയത് എന്ന് മത്സ്യകർഷകർ പറഞ്ഞു.

മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിനെ കുറിച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് എറണാകുളം ജില്ലാ ഭരണകൂടം നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂരിൽ നിന്ന് യാത്ര തിരിക്കുന്ന ഹജ്ജ് തീർത്ഥാടകർക്കായി മട്ടന്നൂരിൽ സംഘാടക സമിതി ഓഫീസ് പ്രവർത്തനം തുടങ്ങി. 3,280 ലധികം പേരാണ് ഇത്തവണ കണ്ണൂർ വഴി ഹജ്ജിന് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

കണ്ണൂരിൽ നിന്ന് വലിയ വിമാനങ്ങളാണ് ഹജ്ജ് യാത്രയ്ക്ക് ഒരുക്കിയിരിക്കുന്നതെന്ന് ഹജ്ജ് കമ്മിറ്റി ചെയർമാൻ PTA റഹീം പറഞ്ഞു.

✪✪✪

കരിപ്പൂരിൽ നിന്ന് അടുത്ത ബന്ധുക്കൾ ഒപ്പമില്ലാതെ വനിതാ തീർത്ഥാടകർക്ക് മാത്രം ആദ്യ ഹജ്ജ് വിമാനം നാളെ വൈകീട്ട് 5 ന് പുറപ്പെടും. ഇവർ ഇന്ന് ഉച്ചക്ക് 2 ന് ഹജ്ജ് ക്യാമ്പിൽ റിപ്പോർട്ട് ചെയ്യണമെന്ന് സംസ്ഥാന ഹജ്ജ് കമ്മറ്റി അറിയിച്ചു.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിൽ ഇന്ന് രാത്രി ഭണ്ഡാരം എഴുന്നള്ളത്ത് നടക്കും. വൈശാഖോൽസവത്തിന് തുടക്കം കുറിച്ച് ഇന്നലെ അർധരാത്രി ആരംഭിച്ച നെയ്യാട്ടം രാവിലെ പൂർത്തിയായി.

പടിഞ്ഞീറ്റ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ ചോതിപുണ്യാഹം നടത്തിയാണ് നെയ്യഭിഷേക ചടങ്ങുകൾ ആരംഭിച്ചത്. ജൻമ സ്ഥാനികരായ വില്ലിപ്പാലൻ കുറുപ്പിന്റെയും തമ്മേങ്ങാടൻ നമ്പ്യാരുടെയും നെയ്യാട്ടത്തിനെ തുടർന്ന് വിവിധ മഠങ്ങളിൽ നിന്നെത്തിയ വ്രതക്കാരുടെ നെയ്യ് സ്വയം ഭൂവിൽ അഭിഷേകം ചെയ്തു. അതിനിടെ വയനാട് മുതിരേരി ശിവക്ഷേത്രത്തിൽ നിന്നുള്ള വാൾ ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലെത്തിച്ചു. ഇന്ന് അർധരാത്രിയോടെ ഭണ്ഡാരമെഴുന്നള്ളത്ത് നടക്കും.

✪✪✪

തൃശൂർ പുഴയ്ക്കലിൽ കാറിൽ കടത്തുകയായിരുന്ന ലഹരിവസ്തുക്കളുമായി രണ്ടു പേരെ പിടികൂടി. 10 ലക്ഷത്തോളം രൂപ വിലവരുന്ന 330 ഗ്രാം MDMA-യുമായി പോകുകയായിരുന്ന ഗുരുവായൂർ സ്വദേശി ജിനീഷും, കാസർകോട് സ്വദേശി നജീബുമാണ് പിടിയിലായത്.

✪✪✪

പാലക്കാട് കൊല്ലങ്കോട് വാഴപ്പുഴയിൽ പുലി കമ്പിവേലിയിൽ കുടുങ്ങി. സ്വകാര്യ വ്യക്തിയുടെ മാവിൻ തോട്ടത്തിലെ വേലിയിൽ കുടുങ്ങിയ പുലിയെ വനം ഉദ്യോഗസ്ഥർ മയക്കുവെടി വെച്ചു. പുലിയെ കൂട്ടിലേക്ക് മാറ്റി.

✪✪✪